**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3911** **06-08-2021 - ൽ മറുപടിയ്ക്ക്**

**വടക്കാഞ്ചേരി മണ്ഡലത്തിലെ ജലജീവൻ മിഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | Shri Roshy Augustine (ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി വടക്കാഞ്ചേരി മണ്ഡലത്തിൽപ്പെട്ട പഞ്ചായത്തുകളിൽ എത്ര കണക്ഷനുകൾ നൽകിയിട്ടുണ്ട്; | (എ) | ജല ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി വടക്കാഞ്ചേരി മണ്ഡലത്തിൽപ്പെട്ട പഞ്ചായത്തുകളിൽ 01-08-2021 വരെ നൽകിയ കണക്ഷനുകളുടെ പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു. പഞ്ചായത്ത് നൽകിയ കണക്ഷനുകൾ അടാട്ട് 527 അവണൂർ 100 കോലഴി 545 മുളംകുന്നത്ത്കാവ് 275 തോളൂർ 302 തെക്കുംകര 194 |
| (ബി) | പ്രസ്തുത മിഷൻ നടപ്പിലാക്കുന്നതിനായി ഈ മണ്ഡലത്തിൽപ്പെടുന്ന പഞ്ചായത്തുകളിൽ പുതിയ ജലസ്രോതസ്സുകൾ കണ്ടെത്തി പുതിയ പദ്ധതികൾ ആരംഭിച്ചിട്ടുണ്ടോ; | (ബി) | പുതിയ ജല സ്രോതസ്സുകൾ കണ്ടെത്തി പുതിയ പദ്ധതികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |
| (സി) | ഇല്ലെങ്കിൽ ഇത്തരം സ്രോതസ്സുകൾ കണ്ടെത്തി പുതിയ പദ്ധതികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ; | (സി) | പുതിയ ജല സ്രോതസ്സുകൾ കണ്ടെത്തി പുതിയ പദ്ധതികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |
| (ഡി) | നിലവിലുള്ള പദ്ധതികളുടെ വിപുലീകരണത്തിന് പുതിയ പ്ലാനുകൾ തയ്യാറാക്കിയിട്ടുണ്ടോ; | (ഡി) | അടാട്ട്, അവണൂർ , കൈപ്പറമ്പ്, കോലഴി, മുളംകുന്നത്ത്കാവ്, തോളൂർ, തെക്കുംകര എന്നീ പഞ്ചായത്തുകളിലെ എല്ലാ വീടുകളിലേക്കും ഗാർഹിക കണക്ഷൻ നൽകുന്നത് ലക്ഷ്യമിട്ട് ജല ജീവൻ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനായി പുതിയ പദ്ധതി തയ്യാറാക്കി വരുന്നു. തൃശ്ശൂർ നഗര സഭക്കും 17 സമീപ പഞ്ചായത്തുകൾക്കും വേണ്ടി കിഫ്ബിയിൽ ഉൾപ്പെടുത്തിയാണ് പ്രസ്തുത പദ്ധതിയുടെ ഉൽപ്പാദന ഘടകങ്ങൾ നടപ്പിലാക്കാൻ ലക്ഷ്യമിടുന്നത്. ഇതിനായി കിഫ്ബി പദ്ധതിയുടെ പുതുക്കിയ ഭരണാനുമതിക്കായി പ്രോജെക്ട് തയ്യാറാക്കിയിട്ടുണ്ട്. ഈ പദ്ധതിയുടെ പൂർത്തീകരണത്തോടെ വടക്കാഞ്ചേരി മണ്ഡലത്തിലെ മേൽപ്പറഞ്ഞ പഞ്ചായത്തു കളിൽ പൂർണമായും ഗാർഹിക |

| | | | |
|---|---|---|---|
| | | | കുടിവെള്ള കണക്ഷനുകൾ നല്കുന്നതിനുള്ള ജല ജീവൻ പദ്ധതി നടപ്പിലാക്കാൻ സാധിക്കും. |
| (ഇ) | ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ഇ) | അടാട്ട്, അവണൂർ , കൈപ്പറമ്പ്, കോലഴി, മുളംകുന്നത്ത്കാവ്, തോളൂർ, തെക്കുംകര എന്നീ പഞ്ചായത്തുകളിലെ എല്ലാ വീട്ടുകളിലേക്കും ഗാർഹിക കണക്ഷൻ നൽകുന്നത് ലക്ഷ്യമിട്ട് ജല ജീവൻ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനായി പുതിയ പദ്ധതി തയ്യാറാക്കി വരുന്നു. തൃശ്ശൂർ നഗര സഭക്കും 17 സമീപ പഞ്ചായത്തുകൾക്കും വേണ്ടി കിഫ്ബിയിൽ ഉൾപ്പെടുത്തിയാണ് പ്രസ്തുത പദ്ധതിയുടെ ഉൽപ്പാദന ഘടകങ്ങൾ നടപ്പിലാക്കാൻ ലക്ഷ്യമിടുന്നത്. ഇതിനായി കിഫ്ബി പദ്ധതിയുടെ പുതുക്കിയ ഭരണാനുമതിക്കായി പ്രോജെക്ട് തയ്യാറാക്കിയിട്ടുണ്ട്. ഈ പദ്ധതിയുടെ പൂർത്തീകരണത്തോടെ വടക്കാഞ്ചേരി മണ്ഡലത്തിലെ മേൽപ്പറഞ്ഞ പഞ്ചായത്തു കളിൽ പൂർണമായും ഗാർഹിക കുടിവെള്ള കണക്ഷനുകൾ നല്കുന്നതിനുള്ള ജല ജീവൻ പദ്ധതി നടപ്പിലാക്കാൻ സാധിക്കും. |

സെക്ഷൻ ഓഫീസർ